# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1587**

**15.02.2016 - ൽ**
**മറുപടിക്ക്**

## പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം

**ചോദ്യം**
**ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** കാസർഗോഡ് ജില്ലയിലെ പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | **എ)** പ്രസ്തുത കേന്ദ്രത്തിൽ അത്യാവശ്യ തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് ദൈനംദിന പ്രവൃത്തികൾ നടത്തിവരുന്നു. |
| **ബി)** വർഷങ്ങളായി ഒഴിവുകൾ നികത്താത്തതിനാൽ സ്ഥാപനം പ്രതിസന്ധിയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | **ബി)** 18/12/2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 399/10 / ഉ.വി.വ പ്രകാരം സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് ഉത്തരവിട്ടതിനാൽ ഇതിനുശേഷം കാർഷിക സർവ്വകലാശാലയിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ സാധിച്ചിട്ടില്ല. ഇപ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടത്തുന്നതിനാവശ്യമായ സ്റ്റാറ്റ്യൂട്ട് ഭേദഗതി സർവ്വകലാശാലയിൽ നടത്തിയിട്ടുണ്ട്. നിയമന ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചുകൊണ്ടുള്ള നിയമനിർമ്മാണം സർക്കാർ തലത്തിൽ സ്വീകരിച്ച വരുന്നു. അദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**